**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5036** **20-03-2025 - ൽ മറുപടിയ്ക്ക്**

**പ്രൊവിഡന്റ് ഫണ്ട് വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലാളികളുടെ പ്രൊവിഡന്റ് ഫണ്ട് ഇനത്തിൽ തൊഴിലുടമകൾ നൽകേണ്ട വിഹിതം കൃത്യമായി അടയ്ക്കാത്തത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) | ഉണ്ട്. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ അധികാരികൾ, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമ പ്രകാരം കുടിശ്ശിക വിലയിരുത്തി 1952-ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് & മിസലേനിയസ് പ്രൊവിഷൻസ് നിയമത്തിന്റെ വകുപ്പ് 7എ പ്രകാരം അന്വേഷണം ആരംഭിക്കുകയും, കുടിശ്ശിക കൃത്യസമയത്ത് അടച്ചില്ലെങ്കിൽ കുടിശ്ശിക ഈടാക്കുന്നതിനായി ബാങ്ക് അക്കൗണ്ട് അറ്റാച്ചുചെയ്യുകയും വീഴ്ച വരുത്തുന്നവരെ അറസ്റ്റുചെയ്യുകയും തടങ്കലിൽ വയ്ക്കുകയും ചെയ്യുന്നതാണ്. കുടിശ്ശിക വരുത്തുന്നവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ അറ്റാച്ചുചെയ്യുകയും, അറ്റാച്ച് ചെയ്ത വസ്തുക്കളുടെ പൊതു ലേലം നടത്തുകയും, കുടിശ്ശിക വരുത്തിയതിന് 1952-ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് & മിസലേനിയസ് പ്രൊവിഷൻസ് നിയമത്തിലെ വകുപ്പ് 14B പ്രകാരം പിഴ ചുമത്തുകയും, പ്രോവിഡന്റ് ഫണ്ട് വിഹിതം ഒടുക്കുന്നതിന് കാലതാമസം വരുത്തുന്നതിന് മേൽ നിയമത്തിന്റെ വകുപ്പ് 7 ക്യൂ പ്രകാരം പലിശ ഈടാക്കുകയും വീഴ്ച വരുത്തിയവർക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും ചെയ്യുന്നതാണ്. ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് പ്രോവിഡന്റ് ഫണ്ട് വിഹിതം ഈടാക്കിയ ശേഷം ആയത് ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരം കേസുകൾ ഫയൽ ചെയ്യുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ